## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1200 04.12.2014 -ലെ മറുപടിയ്ക്ക്

## സർവ്വകലാശാലാ വൈസ് ചാൻസലർമാരുടെ യോഗം ബഹു. ഗവർണ്ണർ വിളിച്ചു ചേർക്കുന്നതിനിടയായ സാഹചര്യം

ചോദ്യം

ഡോ. ടി.എം. തോമസ് ഐസക്
ശ്രീ.പി.ശ്രീരാമകൃഷ്ണൻ
ശ്രീ. ജെയിംസ് മാത്യു
ശ്രീമതി. പി.അയിഷാ പോറ്റി

ഉത്തരം

ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സർവ്വകലാശാല വൈസ് ചാൻസലർമാരുടെ യോഗം ബഹു. ഗവർണ്ണർ വിളിച്ചുചേർക്കുന്നതിനിടയായ സാഹചര്യം എന്തായിരുന്നുവെന്ന് വിശദമാക്കുമോ; | (എ) | ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനുള്ള ആശയങ്ങൾ കൈമാറുന്നതിനുള്ള വേദി ഒരുക്കുകയായിരുന്നു പ്രസ്തുത യോഗത്തിന്റെ ലക്ഷ്യം |
| (ബി) | പ്രസ്തുത യോഗത്തിൽ സർക്കാരിനെ പ്രതിനിധീകരിച്ച് ആരെല്ലാമാണ് പങ്കെടുത്തതെന്ന് വെളിപ്പെടുത്തുമോ; | (ബി) | പ്രസ്തുത യോഗത്തിൽ സർക്കാരിനെ പ്രധിനിധീകരിച്ച് ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രിയും ഉന്നത വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും പങ്കെടുത്തു. |
| (സി) | ബഹു. ഗവർണ്ണറുടെ യോഗത്തിന്റെ അജൻഡ എന്തായിരുന്നു; സർവ്വകലാശാല പ്രവർത്തനവുമായി ബന്ധപ്പെട്ട് എന്തൊക്കെ നിർദ്ദേശങ്ങളാണ് ഗവർണ്ണറുടെ ഭാഗത്തുനിന്നുണ്ടായത്; പ്രസ്തുത യോഗ തീരുമാനങ്ങളുടെ മിനിറ്റ്സിന്റെ കോപ്പി ലഭ്യമാക്കുമോ; | (സി) | പ്രസ്തുത യോഗ തീരുമാനങ്ങളുടെ മിനിട്സിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| | | (ഡി) | സർവ്വകലാശാല പ്രവർത്തനവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ മിനിറ്റ്സിൽ വിശദീകരിച്ചിട്ടുണ്ട്. |
| (ഡി) | ബഹു. ഗവർണ്ണറുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ സർവ്വകലാശാലകളുടെ പ്രവർത്തനം അവലോകനം ചെയ്യുന്നതിനു തീരുമാനമുണ്ടോ; ഇതു പ്രകാരം വൈസ് ചാൻസലർമാർ ഗവർണ്ണർക്ക് നേരിട്ട് റിപ്പോർട്ട് സമർപ്പിക്കണമെന്ന നിർദ്ദേശമുണ്ടോ; ഇക്കാര്യത്തിൽ സർക്കാർ നിലപാട് എന്താണ്; വിശദമാക്കുമോ? | | ചാൻസലർ എന്നുള്ള നിലയ്ക്ക് ഗവർണ്ണർക്ക് സർവ്വകലാശാലകളുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്